**Desabhimani**
**30 August 2018**
**Kochi; Flood Damage can not Used Politically**

# പ്രളയക്കെടുതി രാഷ്ട്രീയമായി ഉപയോഗിക്കില്ല: രാഹുൽ

**ദുരന്തം അതിജീവിക്കാൻ കേരളം നടത്തുന്ന പ്രവർത്തനങ്ങളിൽ അഭിമാനമുണ്ട്.**

**കൊച്ചി**

പ്രളയത്തെ രാഷ്ട്രീയവൽക്കരിക്കാൻ താൽപ്പര്യമില്ലെന്ന് കോൺഗ്രസ് അധ്യക്ഷൻ രാഹൽഗാന്ധി. പ്രളയം മനുഷ്യനിർമിതമാണെന്ന പ്രതിപക്ഷവിമർശം ശ്രദ്ധയിൽപ്പെടുത്തിയപ്പോഴായിരുന്നു പ്രതികരണം. ദുരന്തം അതിജീവിക്കാൻ കേരളം നടത്തുന്ന പ്രവർത്തനങ്ങളിൽ അഭിമാനമുണ്ട്.

കേന്ദ്രം പ്രഖ്യാപിച്ച സഹായം അപര്യാപ്തമാണെന്നും കേരളത്തിന് കൂടുതൽ സഹായത്തിന് അവകാശമുണ്ടെന്നും അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു. കേരളം വലിയൊരു ദുരന്തത്തിന്റെ നടുവിലാണ്. അത് രാഷ്ട്രീയവൽക്കരിച്ച് മുതലെടുപ്പ് നടത്തുകയല്ല വേണ്ടത്. കോൺഗ്രസ് ജനങ്ങൾക്കൊപ്പം നിൽക്കും.

നേതാക്കളും പ്രവർത്തകരും ദുരിതാശ്വാസപ്രവർത്തനങ്ങളിൽ സജീവമാകണം. ഉപാധികളില്ലാത്ത വിദേശസഹായം സ്വീകരിക്കുന്നതിൽ തെറ്റില്ല.

നാഗ്പുർ കേന്ദ്രമായ പ്രത്യയശാസ്ത്രവും എല്ലാ സംസ്കാരങ്ങളെയും ആശയങ്ങളെയും ഉൾക്കൊള്ളുന്ന പ്രത്യയശാസ്ത്രവും തമ്മിൽ രാജ്യത്ത് ഏറ്റുമുട്ടൽ തുടർന്ന്കൊണ്ടിരിക്കുമെന്നുംരാഹുൽ പറഞ്ഞു.



"കേരളത്തിലെ ഓരോ പൗരനും പ്രളയത്തോട് പ്രതികരിച്ച രീതി ഇന്ത്യക്കാരനെന്ന നിലയിൽ എനിക്ക് അഭിമാനം പകരുന്നതാണ്. ജാതി, മത, വർഗ, വർണ വ്യത്യാസമില്ലാതെ പ്രളയത്തെ നേരിട്ട രീതി അഭിനന്ദനാർഹമാണ്.

**രാഹുൽ ഗാന്ധി**
**കോൺഗ്രസ് പ്രസിഡന്റ്**